**THE VILLAGE INTERNATONAL SCHOOL,THODUPUZHA**
**SECOND MODEL EXAMINATION 2024-25**
**MALAYALAM(012)**
**MS**

13-01-2025

**Class:X** Time: 3 hours

**Max. Marks :80**

**ഉത്തര സൂചിക**

**1.അവധാരണം ഗദ്യം ഒന്ന് - ഉത്തരങ്ങൾ.**

( i.) ഈശ്വരാ എന്നെ ഈ തിന്മയുടെ പിടിയിൽ നിന്നും രക്ഷിച്ച് നന്മയിലേക്ക് നയിക്കേണമേ എന്നുള്ള പ്രാർത്ഥന കൊണ്ട് മാത്രമേ സന്മാർഗത്തിലേക്കുള്ള പ്രയാണം സുഗമമാകൂ.

(ii.) അസതോ മാ സദ്ഗമയ, തമസോ മാ ജ്യോതിർഗമയ, മൃത്യോർമ അമൃതം ഗമയ

(iii.) മഹത്തായ സാൻമാർഗിക തത്ത്വങ്ങൾ

(iv) അജ്ഞാനം ആകുന്ന കൂരിരുട്ടിൽ നിന്നും വിജ്ഞാനത്തിന്റെ പ്രകാശത്തിൽ എത്തിച്ചേർന്നാൽ മാത്രമേ യഥാർത്ഥ ബോധം ലഭ്യമാകൂ.

(v ) അജ്ഞതയുടെ

(vi) സത്കൃത്യങ്ങളിലൂടെ

(vii) നമ്മുടെ സുഖത്തിനു വേണ്ടി ചെയ്യുന്ന കാര്യങ്ങൾ അന്യരുടെ സുഖത്തിനു കൂടി പ്രയോജനപ്പെടണം എങ്കിലേ ആത്മസുഖം ലഭ്യമാകൂ.

(viii) പരോപകാരമേ പുണ്യം പാപമേ പരപീഡനം.

**2.അവധാരണം ഗദ്യം രണ്ട് - ഉത്തരങ്ങൾ**

(i) കമ്പ്യൂട്ടർ സയൻസ്, ഭൗതികശാസ്ത്രം, രസതന്ത്രം ,ജീവശാസ്ത്രം.

(ii) റിച്ചാർഡ് ഫെയ്മാൻ

(iii) ആറ്റങ്ങളുടെയും അവചേർന്നുണ്ടാകുന്ന തന്മാത്രകളുടെയും രാസഗുണങ്ങൾ കൃത്യമായി മനസ്സിലാക്കി അവയെ സംയോജിപ്പിച്ചുകൊണ്ട് ഉത്പന്നങ്ങൾ നിർമ്മിക്കുക.

(iv) നാം കഴിക്കുന്ന ഭക്ഷണവും ധരിക്കുന്ന വസ്ത്രവും നിർമ്മിക്കുന്ന ഉത്പന്നങ്ങളും നാനോ ടെക്നോളജിയുടെ സ്വാധീനത്തിൽ ആകുന്നത്.

(v) മീറ്ററിന്റെ  നൂറു കോടിയിൽ ഒരംശം.

(vi) പുതിയ പദാർത്ഥങ്ങളും ഉപകരണങ്ങളും സൃഷ്ടിക്കാൻ ഉതകുന്ന രൂപത്തിൽ ആറ്റങ്ങളെ പുന:ക്രമീകരിക്കാൻ അവസരം നൽകുന്നതു കൊണ്ട്

(vii) വിശ്വവിജ്ഞാനത്തിന്റെ  മുഴുവൻ വാല്യങ്ങളും ഒരു മൊട്ടുസൂചിയുടെ അറ്റത്ത് എഴുതാൻ കഴിയും. ലോകത്തിലെ മുഴുവൻ പുസ്തക ശേഖരവും ഒരൊറ്റ കൈപ്പുസ്തകത്തിൽ ഒതുക്കാൻ ആകുമെന്നും ആഗോള പുസ്തക ശേഖരത്തെ ഫലപ്രദമായ ഒരു കമ്പ്യൂട്ടർ കോഡ് ആക്കി മാറ്റുകയാണെങ്കിൽ നഗ്ന നേത്രങ്ങൾ കൊണ്ട് കാണാൻ കഴിയാത്തത്ര ചെറിയ ഒരു പൊടിയിൽ ഉൾക്കൊള്ളിക്കാമെന്നും.

**3.ഏതെങ്കിലും ഏഴെണ്ണത്തിന് ശരി ഉത്തരം തെരഞ്ഞെടുത്ത് എഴുതുക.**

(i) ( B) ചുട്ടു പഴുത്ത
(ii) (C ) പ്രസാദം
(iii) B,C,ദു:ഖം, മേഘം
(iv) B മർത്യൻ
(v) C സിന്ദൂരം
(vi) B ജ്യേഷ്ഠൻ
(vii ) B സുഖ + ഉദയം
(viii) B പൂവിന്റെ  അരി
(ix) B,D പുളിനം, ഓരം
(x.) A മേധാവിനി

**4. ഒൻപത് എണ്ണത്തിന് ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക.**

(a) (i) ലോകം ദഹിപ്പിക്കാൻ
(b) (ii) ദോഷം

(c) (i) എന്തിവിടെ വാണിടുന്നു
(ii) ശരീരികൾ

(c )( i) വിദ്യാലയ മുറ്റത്ത്
(ii) കോവിലിൽ

(d)( i) ഉഷസ്സ്
(ii) മണിപീഠത്തിൽ

(e)( i) ആലയസംഗമം
(ii) സ്വപ്നതുല്യം

(f) (i) കണ്ണുനീരിന്റെ  ഓതം
(ii) സ്വപ്ന വാങ്മൂലം

(g)( i) സഞ്ജയനോട്
(ii) കൃപകൃതവർമ്മാശ്വത്ഥാമാക്കളോട്

(h) (i) അച്ഛനും മകനും
(ii) ജയിലിൽ

(i) (i) അശ്വത്ഥാമാവ്
(ii) വ്യാസൻ

(j)( i) വീട്ടിലേക്ക് തിരിച്ചു നടക്കുമ്പോൾ
(ii) ചാക്കുണ്ണിയുടെ തയ്യൽ കടയിൽ റേഡിയോ പ്രവർത്തിച്ചു തുടങ്ങിയത്

## ബി വിഭാഗം (Section B)

**5(a) അംഗ, അംഗി വാക്യങ്ങൾ വേർതിരിച്ച് എഴുതുക**

(i)പരീക്ഷിത്ത് പാണ്ഡവവംശത്തെ നിലനിർത്തുക തന്നെ ചെയ്യും (അംഗി വാക്യം)
അർജ്ജുനന്റെ  പുത്രവധുവായ ഉത്തര പെറ്റുണ്ടാകുന്ന (അംഗ വാക്യം)

(ii) അയാൾ പലരിൽ നിന്നും കടം വാങ്ങി (അംഗി വാക്യം)
പിൽക്കാലത്ത് തുന്നി കൊടുക്കുമ്പോൾ കൊടുത്തു വീട്ടാം എന്ന കരാറിൽ (അംഗ വാക്യം)

**(b) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക.**

(i) മത്തായി
അലോസരത്തോടെ അയാളെ നോക്കി.(ശരിയായ വാക്യം)
(ii) വെള്ളായിയപ്പനെ കണ്ട് കുട്ട്യസ്സൻ മാപ്പിള ആദരവോടെ വഴിമാറി നിന്നു.(ശരിയായ വാക്യം)

**(c ) പ്രയോഗം മാറ്റുക**
i. തീവണ്ടിയുടെ ചീറ്റലാലും നടുക്കത്താലും വെള്ളായിയപ്പൻ ഉണർത്തപ്പെട്ടു.

(ii)അവരെ കണ്ട ഉടനെ തന്റെ  അസ്ത്രം അർജുനനാൽ പ്രതിസംഹരിക്കപ്പെട്ടു.

**(d). തന്നിട്ടുള്ള വാക്കുകൾ അർത്ഥം വ്യക്തമാകുന്ന വിധത്തിൽ സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക.**
iവിടവാങ്ങി
ii ചൂഴ്ന്നു നിൽക്കുക

iii. ആഘാത പ്രത്യാഘാതങ്ങൾ

6(a) ഉപന്യാസമാതൃക

ശീർഷകം - 2 മാർക്ക്
അവതരണ രീതി - 3 മാർക്ക്

തലക്കെട്ട്, ആമുഖം, വിഷയം ഉൾക്കൊണ്ടുകൊണ്ടുള്ള അവതരണം, ഉള്ളടക്കം, ഭാഷാ ശൈലി, അവതരണ ശൈലി, ഖണ്ഡികാകരണം, ഉപസംഹാരം, ഭാഷ ശുദ്ധി, പദശുദ്ധി.

(A) മനുഷ്യനിർമ്മിത പ്രകൃതി ദുരന്തങ്ങളും പരിഹാരമാർഗങ്ങളും.

ആമുഖം

• പ്രകൃതിക്ക്, അതിന്റെ ആവാസവ്യവസ്ഥയ്ക്ക് കോട്ടം ഉണ്ടാക്കുന്ന തരത്തിലുള്ള മനുഷ്യന്റെ കടന്നാക്രമണം.

•സാമ്പത്തിക നേട്ടം മുന്നിൽ കണ്ടുകൊണ്ടുള്ള വികസനനയങ്ങൾ.

•പ്രകൃതിദുരന്തങ്ങൾക്ക് കാരണമായിത്തീരുന്ന കാലാവസ്ഥ വ്യതിയാനം ആഗോള പ്രശ്നമായി മാറിയത്.

•പ്രകൃതിദുരന്തങ്ങൾക്ക് കാരണമാകുന്ന പ്രളയം, മണ്ണിടിച്ചിൽ, മേഘവിസ്ഫോടനം തുടങ്ങിയവ

•ഈ അടുത്തകാലത്ത് ഉണ്ടായ പ്രകൃതിദുരന്തങ്ങളും അവയ്ക്ക് കാരണമായി തീർന്ന പ്രധാന ഘടകങ്ങളും ( ഉദാഹരണം കോഴിക്കോട്, വയനാട് തുടങ്ങിയ സ്ഥലങ്ങളിൽ ഉണ്ടായ ഉരുൾപൊട്ടൽ)

•പ്രകൃതി വിഭവങ്ങൾ നിയന്ത്രിക്കുന്നതിന് ആവശ്യമായ നിയമങ്ങൾ കൊണ്ടുവരിക

•കാലാവസ്ഥ വ്യതിയാനവും അതിനെ തുടർന്നുണ്ടാകുന്ന പ്രശ്നങ്ങളും മുൻകൂട്ടി അറിയിക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക

•കാലാവസ്ഥ വ്യതിയാനവും അതിനെ തുടർന്നുണ്ടാകുന്ന പ്രശ്നങ്ങളും കുട്ടികളുടെ പാഠ്യ പദ്ധതിയുടെ ഭാഗമാക്കുക

•മഴക്കാലം ആകുമ്പോഴേക്കും മുൻകരുതലുകൾ നടപ്പിലാക്കുക

•പ്രകൃതിദുരന്തങ്ങളെ തടുക്കാനുള്ള ഭൂനയങ്ങൾ പ്രഖ്യാപിക്കുക

•ഭൂമിയില്ലെങ്കിൽ താനില്ല എന്ന തിരിച്ചറിവ് നൽകുക.

ഉപസംഹാരം.

(B) ലഹരി വിമുക്ത കേരളം

ആമുഖം

•ഇന്ന് കേരളം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളിൽ ഒന്നാണ് മയക്കുമരുന്നിന്റെ ഉപയോഗവും വിപണനവും.

•അത് ഏറ്റവും കൂടുതൽ കാണപ്പെടുന്നത് സ്കൂൾ വിദ്യാർത്ഥികളിലും യുവാക്കളിലും ആണെന്ന സത്യം മനസ്സിലാക്കുക

•അനുദിനം പിടിക്കപ്പെടുന്ന കേസുകളുടെ , പത്രങ്ങളിലൂടെയും വർത്തമാധ്യമങ്ങളിലൂടെയും പുറത്തുവരുന്ന ഞെട്ടിക്കുന്ന വാർത്തകൾ

•അടുത്ത കാലഘട്ടത്തിനുള്ളിൽ മയക്കുമരുന്ന് ഉപയോഗിക്കുന്നതു കൊണ്ട് നടന്ന കുറ്റകൃത്യങ്ങളുടെ കണക്കുകൾ.

•കേരളത്തിൽ നടക്കുന്ന സ്ത്രീകളുടെ നേരെയുള്ള അതിക്രമങ്ങൾ, വധശ്രമങ്ങൾ, കൊലപാതകങ്ങൾ ഇവയുടെ എല്ലാം കാരണമന്വേഷിച്ചു ചെല്ലുമ്പോൾ എത്തിച്ചേരുന്നത് മയക്കുമരുന്ന് ഉപയോഗത്തിലേക്കാണ്.

•മയക്ക് മരുന്ന് ഉപയോഗം തടയുന്നതിന് ഉള്ള മാർഗങ്ങൾ (സ്കൂൾ തലത്തിൽ, കോളേജ് തലത്തിൽ, സർക്കാരിന്റെ ഭാഗത്തുനിന്ന്.)

•കുട്ടികളുടെ ക്രിയാ ശേഷിയെ വ്യത്യസ്ത കലാരൂപങ്ങളിലേക്ക് തിരിച്ചുവിടുന്നതിന് സ്കൂളിന്റെ പങ്ക്.

•എൻസിസി, സ്കൗട്ട് മുതലായ സംഘടനകളുടെ പ്രവർത്തനം
ബോധവൽക്കരണ ക്ലാസ്സുകൾ.
ഉപസംഹാരം.

(b) കത്ത് - രൂപഘടന
പ്രേഷകൻ / പ്രേഷിത മേൽവിലാസം

സ്വീകർത്താവ് / ഗ്രാഹകൻ മേൽവിലാസം. 2 മാർക്ക്

മേൽവിലാസത്തിൽ പേര്, വീട്ടുപേര് ,(ഓഫീസിന്റെ പേര്) സ്ഥലം, ജില്ല, പോസ്റ്റ് ഓഫീസ്, പിൻകോഡ് എന്നിവ എഴുതേണ്ടതാണ്.

അഭിസംബോധന, വിഷയം
കത്തിന്റെ ശരീരം - 3മാർക്ക്

ആമുഖം, ഉള്ളടക്കം എന്നിവ വിഷയാനുസൃതവും ഖണ്ഡിക തിരിച്ചും അവതരിപ്പിക്കേണ്ടതാണ്.രചന സമഗ്രവും ആവശ്യങ്ങൾ പ്രകടമാക്കുന്നതും ആയിരിക്കണം.

ഉപചാര വാക്ക്, ഒപ്പ് ,പേര് എന്നിവ കത്തിന്റെ അവസാനം താഴെ ഇടതുവശത്തോ വലതുവശത്തോ ചേർക്കാം.

സ്ഥലം തീയതി എന്നിവ കത്തിന്റെ ഇടതുവശത്ത് എഴുതണം.

(c ) പത്രവാർത്ത
രൂപഘടന - 2 മാർക്ക്
വാർത്തയുടെ രചനാരീതി - 2 മാർക്ക്

വായനക്കാരെ ആകർഷിക്കുന്ന തലക്കെട്ട്
സ്വന്തം ലേഖകൻ / പ്രത്യേക ലേഖകൻ
വാർത്ത നടക്കുന്ന സ്ഥലം (സ്ഥലപ്പേര് നൽകാതെ സ്ഥലം എന്ന് എഴുതാം. കൂടാതെ സ്ഥല പേര് തന്നിട്ടുണ്ടെങ്കിൽ അത് ചേർക്കാവുന്നതാണ്)

വാർത്ത എപ്പോൾ, എവിടെ, എങ്ങനെ, എന്തുകൊണ്ട്, ആര് എന്നുള്ള ചോദ്യങ്ങൾക്ക് ഉത്തരം ആകണം.

അടുത്ത ഖണ്ഡികയിൽ അതിന്റെ വിശദീകരണങ്ങൾ നൽകാവുന്നതാണ്

അവസാന ഖണ്ഡികയിൽ വ്യക്തികളുടെ പ്രതികരണം ഉൾപ്പെടുത്താം.

ഭാഷാശുദ്ധി, പദശുദ്ധി, പത്രഭാഷയുടെ തനിമ എന്നിവ വിലയിരുത്തണം.

7(i) രണ്ടു ഖണ്ഡികയിലായി ഉത്തരമെഴുതണം
ഖണ്ഡിക ഒന്ന് - ആമുഖം, എഴുത്തുകാരൻ, കൃതി, പാഠത്തിന്റെ പേര് സന്ദർഭം -1 മാർക്ക്
ഖണ്ഡിക രണ്ട് വിശദീകരണം- 2 മാർക്ക്
ചെമ്പുമത്തായി - പലിശക്കാരൻ പണം സമ്പാദിക്കാനുള്ള വെമ്പൽ, മാനവികതയുടെ അഭാവം, അരസികൻ, റേഡിയോ ഒരു പണയ വസ്തുവായി മാത്രം കരുതുന്ന വ്യക്തി, കുട്ടികളോട് പോലും സ്നേഹത്തിന്റെ ആവശ്യമില്ല എന്ന് ചിന്തിക്കുന്ന സ്വഭാവം, പരുക്കനും മനസ്സാക്ഷിയില്ലാത്തവനുമായ ഒരു വ്യക്തിയായി മത്തായിയെ ചിത്രീകരിക്കുന്നു.

(ii) ആമുഖം (ഭാരതപര്യടനം- യുദ്ധത്തിന്റെ പരിണാമം - കുട്ടികൃഷ്ണമാരാർ - സന്ദർഭം)
ദുര്യോധനനെ കുറിച്ചാണ് പരാമർശം. ഹസ്തിനപുരത്തിന്റെ രാജാവായി അഹങ്കാരത്തോടെ കഴിഞ്ഞിരുന്ന ദുര്യോധനനിൽ എപ്പോഴും കാണുന്ന സ്വപ്രത്യയസ്ഥൈര്യം, പടക്കളത്തിൽ തുടചതഞ്ഞ് വീണ് മരണാസന്നനായി കഴിയുമ്പോൾ സഹോദരിയായ ദുശ്ശളയെ ആദ്യം ഓർമ്മിക്കുന്നു. പിന്നീട്

മാതാപിതാക്കളെയും ഒടുവിൽ ഭാര്യയെയും ഇതും ദുര്യോധനന്റെ സവിശേഷതയായി മാരാർ ചൂണ്ടിക്കാണിക്കുന്നു.

(iii) ആമുഖം (കടൽത്തീരത്ത് ഒ വി വിജയൻ)
കഥാപാത്രങ്ങൾ സംഭാഷണങ്ങളിലൂടെ ആശയം പ്രകടിപ്പിക്കുന്നതിന് പകരം ചുരുങ്ങിയ വാക്കുകളിലൂടെ ഹൃദയ വികാരത്തെയും ആശയത്തെയും പ്രകടിപ്പിക്കാനുള്ള ശ്രമം. കുറച്ചു പറഞ്ഞ് കൂടുതൽ ധ്വനിപ്പിക്കുക എന്ന രചനാതന്ത്രം. തീവ്രമായ വൈകാരികഭാവങ്ങൾ പ്രകടിപ്പിക്കാൻ, വായനക്കാരന്റെ മനസ്സിലേക്ക് ആഴത്തിൽ പതിക്കാൻ ഈ രചനാരീതി ഏറ്റവും ഉത്തമമാണ്.

മനസിന്റെ  അടക്കാത്ത തേങ്ങൽ, അണപൊട്ടി ഒഴുകുന്ന ദുഃഖം, നിസ്സംഗത, ഏകാന്തത ഇവയെല്ലാം ചുരുങ്ങിയ വാക്കുകൾ കൊണ്ട് ആഴത്തിൽ പതിപ്പിക്കാൻ സാധിച്ചിട്ടുണ്ട്.

8(i) ആമുഖം (അദ്ധ്യാത്മരാമായണം കിളിപ്പാട്ട് - അയോദ്ധ്യകാണ്ഡത്തിലെ ലക്ഷ്മണോപദേശം - എഴുത്തച്ഛൻ - സന്ദർഭം)

ശ്രീരാമൻ ലക്ഷ്മണന് നൽകുന്ന ഉപദേശത്തിലൂടെ എഴുത്തച്ഛൻ നൽകുന്നത് ലോകത്തിനു കൂടിയുള്ള ഉപദേശമാണ്. ക്രോധം പരിത്യജിക്കണം. എല്ലാ ദുഃഖങ്ങൾക്കും ദോഷങ്ങൾക്കും കാരണമാകുന്നത് ക്രോധമാണ്. ക്രോധം കൊണ്ട് മാതാപിതാഭ്രാതൃമിത്രസഖികളെ മനുഷ്യൻ കൊല്ലുന്നു. മനസ്താപം ഉണ്ടാകുന്നു. ധർമ്മത്തിന് ക്ഷയം സംഭവിക്കുന്നു.

ഇന്ന് ലോകത്ത് നടക്കുന്ന പല യുദ്ധങ്ങൾക്കും കാരണമാകുന്നത് ക്രോധം തന്നെയാണ്. മഹാഭാരതയുദ്ധം ഉണ്ടാകുന്നതും സഹോദരങ്ങൾ തമ്മിലുള്ള വൈരാഗ്യത്തിൽ നിന്നും ക്രോധത്തിൽ നിന്നുമാണ്. ചരിത്ര സംഭവങ്ങളെല്ലാം ക്രോധത്തിൽ നിന്നാണ്  ഉണ്ടാകുന്നത് എന്ന് നമ്മെ പഠിപ്പിക്കുന്നു.

(ii) ആമുഖം ( വിട എന്ന കാവ്യ സമാഹാരത്തിൽ നിന്ന് - ഓണമുറ്റത്ത് എന്ന കവിത - വൈലോപ്പിള്ളി ശ്രീധരമേനോൻ)
ഓണം സമത്വത്തിന്റെയും സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ഉത്സവമാണെന്ന് വൈലോപ്പിള്ളി ഓർമ്മിപ്പിക്കുന്നു.

ഓണത്തെ വരവേൽക്കാൻ കാത്തുനിൽക്കുന്ന പ്രകൃതിക്കും പൂക്കൾക്കും കവി മാനുഷിക ഭാവം കല്പിക്കുന്നു
ഓണത്തിനെ വരവേൽക്കാൻ ഒരുങ്ങി വരുന്ന ഉഷസ്സിന് ഒരു മലയാളി പെൺകുട്ടിയുടെ ഭാവമാണ് കവി നൽകുന്നത്.

ഓണക്കാലത്തെ പ്രകൃതിക്കും കാലാവസ്ഥയ്ക്കും പോലും മാനുഷിക ഭാവങ്ങൾ നൽകാൻ കവിയ്ക്ക് സാധിക്കുന്നു.

(iii) ആമുഖം (നളിനി - പ്രിയദർശനം -  കുമാരനാശാൻ സന്ദർഭം)
അഞ്ചു വർഷങ്ങൾക്ക് ശേഷം കണ്ടുമുട്ടുന്ന ദിവാകരന്റെയും നളിനിയുടെയും സംഭാഷണത്തിലൂടെ ഉദാത്തമായ പ്രണയ സങ്കൽപ്പത്തെയാണ് ആശാൻ

അവതരിപ്പിക്കുന്നത്. ഇതിന് പ്രേരകമാകുന്നത് ശ്രീനാരായണഗുരുവിന്റെ ദർശനങ്ങളാണ്.
അന്യ ജീവനുതകി സ്വജീവിതം ധന്യമാക്കുമമലേ വിവേകികൾ
എന്ന ഉപദേശം
ശ്രീനാരായണ ഗുരുവിന്റെ
അവനവനാത്മസുഖത്തിനായാ-ചരിക്കുന്നവയപരനു സുഖത്തിനായി വരേണം
എന്ന ആശയവുമായി ഏറെ സമയം ഉള്ളതാണ്.

രണ്ടു വാക്യങ്ങളുടെയും ആശയം വിശദീകരിക്കണം.

9(i) ആമുഖം (രാജൻ തുവ്വാര യുടെ ചട്ടമ്പിസ്വാമികൾ)
ചട്ടമ്പിസ്വാമികൾ നൽകിയ സാഹിത്യ സംഭാവനകൾ ആഴമേറിയ ചിന്തകൾ കൊണ്ട് ആവരണം ചെയ്യപ്പെട്ടതാണ്.എടുത്തു പറയേണ്ടവ കത്തുകൾ ആണ്. യാത്രയ്ക്കിടയിൽ തുണ്ട് കടലാസുകളിൽ എഴുതി ശിഷ്യന്മാരെ ഏൽപ്പിക്കുകയാണ് പതിവ്. ഭജനകൾ, ലേഖനങ്ങൾ, നിരൂപണങ്ങൾ, കത്തുകൾ ഈ രൂപത്തിലായിരുന്ന രചനകൾ.
ദുർഗ്രഹമായ ഒട്ടേറെ ഗ്രന്ഥങ്ങൾക്ക് വ്യാഖ്യാനം നൽകിയിട്ടുണ്ട്.
മനോഹരമായ കൈപ്പടയാണ് സ്വാമികൾക്കു ഉണ്ടായിരുന്നത്.
സൗന്ദര്യ ആരാധകനായ ഒരു എഴുത്തുകാരനെയല്ല സത്യാന്വേഷകനും വിപ്ലവകാരിയുമായ ഒരു പ്രവാചകനെയാണ് സ്വാമികളുടെ കൃതികളിൽ കാണാൻ കഴിയുന്നത്.

ii. ആമുഖം (രാജൻ തുവാര ചട്ടമ്പിസ്വാമികൾ)
സ്വാമിയുടെ ശിഷ്യൻ എന്ന നടിച്ച് ഒരാൾ സ്വാമിയോടൊപ്പം കൂടി.
ചെമ്പ് സ്വർണ്ണമാക്കാനുള്ള വിദ്യ അറിയുന്നതിന് വേണ്ടിയാണ് കൂടിയിരുന്നത്.
സ്വാമികളും പരിചാരകനും ഒരിക്കൽ അരൂക്കുറ്റിയിൽ നിന്നും കൊതുമ്പു വെള്ളത്തിൽ യാത്ര ചെയ്യാൻ ഇടയായി. കായൽ ക്ഷോഭിക്കുകയും വള്ളം മറിയുകയും ചെയ്തു. സ്വാമിക്ക് നീന്തൽ അറിയാമായിരുന്നു. പരിചാരകന് നീന്തൽ വശം ഉണ്ടായിരുന്നില്ല. വെള്ളം കുടിച്ച് അവശനായ അയാളോട് ചെമ്പ് സ്വർണം ആക്കുന്ന വിദ്യ പറഞ്ഞുതരാമെന്ന് സ്വാമികൾ പറഞ്ഞു.

(iii) ആമുഖം (രാജൻ തുവ്വാര - ചട്ടമ്പിസ്വാമികൾ)
പ്രശസ്ത തകിൽ വിദ്വാൻ ആയിരുന്നു കണ്ടമാല. സ്വാമികളെ കാണാൻ എത്തി. അനാദരവ് പ്രകടമാക്കുന്ന രീതിയിലായിരുന്നു സമീപനം. തൊട്ടടുത്തിരുന്ന ഗിഞ്ചിറ എടുത്ത് അത് വായിക്കാൻ സ്വാമികൾ കണ്ടമാലയോട് പറഞ്ഞു. നീലാംബരി രാഗം വായിച്ച് മൂർദ്ധന്യത്തിൽ എത്തുമ്പോൾ അതെങ്ങനെ കൊട്ടിയെടുക്കണമെന്ന് സ്വാമികൾ സംശയം ചോദിച്ചു.
അതിനു മറുപടി പറയാൻ കഴിയാതെ ആ സംഗീത വിദ്വാൻ അമ്പരന്നുപോയി. അയാളുടെ സങ്കല്പത്തിൽ പോലും അങ്ങനെയൊന്ന് ഉണ്ടായിരുന്നില്ല. അപ്പോൾ അദ്ദേഹം പ്രകീർത്തിച്ചുകൊണ്ട് പറഞ്ഞതാണ് ഈ വാക്കുകൾ.